# സംവരണം
# അവസരസമത്വം ഉറപ്പുവരുത്തുന്നതിന്

## പാലൊളി കമ്മിറ്റിയംഗം ഒ. അബ്ദുർറഹ്മാനുമായി അഭിമുഖം

(കഴിഞ്ഞ ലക്കം തുടർച്ച)

**കേരളീയ മുസ്‌ലിംകളേക്കാൾ ദയനീയമാണ് പശ്ചിമബംഗാളിലെ മുസ്‌ലിം അവസ്ഥ. എന്നിട്ടും കേരളത്തിൽ ഇത്തരമൊരു കമ്മിറ്റിയെ നിശ്ചയിച്ച ഇടതുപക്ഷം എന്തുകൊണ്ട് പശ്ചിമ ബംഗാളിൽ അതിനു സന്നദ്ധമായില്ല. ഇതിൽ വൈരുധ്യമില്ലേ?**

സച്ചാർ കമ്മിറ്റി തന്നെ ചൂണ്ടിക്കാണിച്ചതനുസരിച്ച് പശ്ചിമബംഗാൾ മുസ്‌ലിംകളുടെ സ്ഥിതി വളരെ ദയനീയമാണ്. ജനസംഖ്യയിൽ 27 ശതമാനം വരുന്ന മുസ്‌ലിംകൾ സർക്കാർ സർവീസിൽ 4 ശതമാനം മാത്രമാണ്. വിദ്യാഭ്യാസപരമായി മുസ്‌ലിംകൾ വളരെ പിന്നിലാണ്. മുപ്പതു വർഷം തുടർച്ചയായി പശ്ചിമ ബംഗാൾ ഭരിച്ച ഇടതുപക്ഷത്തിന് തീർച്ചയായും ഇതിൽ വലിയ പങ്കുണ്ട്. നന്ദിഗ്രാം പോലുള്ള പ്രശ്നത്തിന് ഇത്തരം ഒരു പശ്ചാത്തലമുണ്ട്. കൃഷിഭൂമിയിൽനിന്ന് കുടിയിറക്കപ്പെട്ടവരുടെ പ്രക്ഷോഭം ഇത്ര ശക്തമാവാൻ കാരണം മുസ്‌ലിംകളുടെ ശോചനീയമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ ഇടതുപക്ഷത്തിന് നീതിപൂർവകമായി ഒന്നും ചെയ്യാനായില്ല എന്ന ജംഇയ്യത്തുൽ ഉലമായെ പോലുള്ള മതസംഘടനകളുടെ തിരിച്ചറിവു കൂടിയാണ്. അതൊക്കെ തീവ്രവാദികൾ ഉണ്ടാക്കിയതാണെന്ന സി.പി.എം വാദം തെറ്റാണ്. ജംഇയ്യത്തുൽ ഉലമ, തീവ്രവാദി സംഘടനയല്ല. സ്വാതന്ത്ര്യ സമരത്തിൽ പങ്കുവഹിച്ച മൗലാനാ ആസാദിനെയും ഹുസൈൻ മദനിയെയും പോലുള്ളവർ നേതൃത്വം കൊടുത്ത, ജിന്നയുടെ മുസ്‌ലിം ലീഗിനെ തള്ളിപ്പറഞ്ഞ സംഘടനയാണത്.

യഥാർഥത്തിൽ പശ്ചിമബംഗാൾ ഗവൺമെന്റ് മുസ്‌ലിം പ്രശ്നം ഒരു വലിയ മാനുഷിക പ്രശ്നമായി എടുത്ത് അടിയന്തര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്.

**'പാലൊളി കമ്മിറ്റി റിപ്പോർട്ട് വിഭജനരേഖയാണ്, വിശപ്പിന് മതമില്ല, മതപരമായ സംവരണം വിഭാഗീയത വളർത്തും, രാജ്യം വീണ്ടും വിഭജിക്കപ്പെടും' തുടങ്ങിയ വാദങ്ങൾ ഉന്നയിച്ച് ബി.ജെ.പിയും അനുബന്ധ സംഘടനകളും രംഗത്തുവന്നിരിക്കുന്നു. ഇത്തരം ആരോപണങ്ങളിൽ യാഥാർഥ്യമുണ്ടോ?**

ഇന്ത്യൻ ഭരണഘടന സംവരണം അനുവദിച്ചിട്ടുള്ളത് വിദ്യാഭ്യാസപരവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന സമുദായങ്ങൾക്കാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ സംവരണമെന്നത് ഭരണഘടനയോ വിവിധ കമ്മിറ്റികളോ ആവശ്യപ്പെടുന്നില്ല. മുസ്‌ലിം സമുദായം സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കമാണോ എന്നതാണ് ചോദ്യം. ആണെന്നുതന്നെയാണ് എല്ലാ അന്വേഷണ കമീഷനുകളും സാക്ഷ്യപ്പെടുത്തുന്നത്. അല്ലെന്ന് വാദമുള്ളവർ വസ്തുതാപരമായി അത് തെളിയിക്കണം. പിന്നാക്കമാണെന്നിരിക്കെ അത് പരിഹരിക്കാൻ നടപടികൾ ഉണ്ടാവണം. മുസ്‌ലിംകൾക്ക് സംവരണം നൽകരുത്, പിന്നാക്കാവസ്ഥ പരിഹരിക്കരുത് എന്നു പറയുന്നതല്ലേ പരമമായ വിഭാഗീയത? മതത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമുദായത്തിന് അവകാശങ്ങൾ നിരാകരിക്കുന്നത് വിവേചനമല്ലേ? ഉദാഹരണമായി, പട്ടികജാതി പട്ടിക വർഗക്കാർ ക്രിസ്തുമതം സ്വീകരിച്ചാലും അവർക്ക് ആനുകൂല്യം ലഭിക്കും. എന്നാൽ അവർ ഇസ്‌ലാം സ്വീകരിച്ചാൽ

**മുസ്‌ലിംകൾക്ക് സംവരണം നൽകരുത്, പിന്നാക്കാവസ്ഥ പരിഹരിക്കരുത് എന്നു പറയുന്നതല്ലേ പരമമായ വിഭാഗീയത? മതത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമുദായത്തിന് അവകാശങ്ങൾ നിരാകരിക്കുന്നത് വിവേചനമല്ലേ? ഉദാഹരണമായി, പട്ടികജാതി പട്ടിക വർഗക്കാർ ക്രിസ്തുമതം സ്വീകരിച്ചാലും അവർക്ക് ആനുകൂല്യം ലഭിക്കും. എന്നാൽ അവർ ഇസ്‌ലാം സ്വീകരിച്ചാൽ അത് ലഭിക്കില്ല. ഇത് മതപരമായ വിവേചനമല്ലേ?**

അത് ലഭിക്കില്ല. ഇത് മതപരമായ വിവേചനമല്ലേ?

യഥാർഥത്തിൽ മതത്തിന്റെ അടിസ്ഥാനത്തിൽ ആരും ഒരു അവകാശവും ആവശ്യപ്പെടുന്നില്ല. ഞങ്ങൾ മുസ്‌ലിംകളാണ്, അതുകൊണ്ട് സംവരണം വേണം എന്ന് മുസ്‌ലിംകൾ പറഞ്ഞിട്ടില്ല. വിദ്യാഭ്യാസ, സാമൂഹിക പിന്നാക്കാവസ്ഥ മുമ്പിൽ വെച്ചാണ് സംവരണം ആവശ്യപ്പെടുന്നത്.

**'മുസ്‌ലിംകളേക്കാൾ പിന്നാക്കക്കാർ ഹിന്ദുക്കളിലുണ്ട്. പക്ഷേ, അവർ ന്യൂനപക്ഷമല്ലാത്തതിനാൽ സംവരണാനുകൂല്യം കിട്ടുന്നില്ല' എന്ന വാദത്തെക്കുറിച്ച്?**

ഈ വാദം ശുദ്ധ അസംബന്ധവും അവാസ്തവവുമാണ്. പിന്നാക്കക്കാരെന്ന് അറിയപ്പെടുന്ന ഒരു വലിയ വിഭാഗം എസ്.സി-എസ്.ടിക്കാരാണ്. അവർ ഹൈന്ദവരാണ്. അവർക്ക് സംവരണമില്ലാത്ത ഏതു മേഖലയാണുള്ളത്? പാർലമെന്റിലും നിയമസഭകളിലും പഞ്ചായത്തുകളിലുമടക്കം എല്ലാറ്റിലും അവർക്ക് സംവരണമുണ്ട്. രണ്ടാമത്തേത് ഒ.ബി.സിയാണ്. ഇവർക്കുള്ള ആനുകൂല്യങ്ങൾ മഹാഭൂരിപക്ഷവും കിട്ടുന്നത് ഹിന്ദുക്കൾക്കാണ്, മുസ്‌ലിംകൾക്കല്ല. ധീവരരും യാദവരും ഉൾപ്പെടെയുള്ളവരും മണ്ഡൽ കമീഷൻ ചൂണ്ടിക്കാണിച്ച നിരവധി വിഭാഗങ്ങളും ഇതിൽ ഉൾപ്പെടും. ഇവരെല്ലാം ഹിന്ദുക്കളുമാണ്. മാത്രമല്ല നേരത്തേ മണ്ഡൽ കമീഷൻ ഇത്തരക്കാർക്ക് സംവരണം ശിപാർശ ചെയ്തപ്പോൾ അതിനെതിരെ പ്രക്ഷോഭം നയിച്ചതും സംഘ്പരിവാറിലെ സവർണ ലോബിതന്നെയാണ്.

**അറബിക് യൂനിവേഴ്സിറ്റി ആരംഭിക്കാൻ പാലൊളി കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി. എന്താണ് ഇതിന്റെ പ്രസക്തി? കേരളീയ മുസ്‌ലിംകളുടെ മാതൃഭാഷ അറബിയല്ലെന്നും അതുകൊണ്ട് കേരളത്തിൽ അറബിക് യൂനിവേഴ്സിറ്റി ആവശ്യമില്ലെന്നും വാദിക്കുന്നുണ്ടല്ലോ?**

അറബിക് യൂനിവേഴ്സിറ്റിയിൽ അറബി ഭാഷ മാത്രമല്ല പഠിപ്പിക്കുക. കാലടി സംസ്കൃത സർവകലാശാലയിൽ സംസ്കൃതം മാത്രമാണോ പഠിപ്പിക്കുന്നത്? ഒരു പക്ഷേ സംസ്കൃതത്തേക്കാളേറെ മറ്റു വിഷയങ്ങളാണ് അവിടെയുള്ളത്. ഇപ്രകാരം അറബി ഭാഷക്കു പുറമെ മറ്റു വിഷയങ്ങളും പഠിപ്പിക്കുന്നതാണ് അറബിക്ക് യൂനിവേഴ്സിറ്റി. അറബിഭാഷ മുസ്‌ലിംകളുടേതു മാത്രമല്ല. അറബി പഠിച്ചവർക്ക് ഗൾഫ് നാടുകളിലും മറ്റും ധാരാളം തൊഴിൽ സാധ്യതകളുണ്ട്. മുസ്‌ലിംകൾ മാത്രമല്ല, കേരളത്തിൽ തന്നെ മറ്റുള്ളവരും അറബി പഠിക്കുന്നുണ്ട്, പഠിപ്പിക്കുന്നുണ്ട്. ലോകതലത്തിൽ മുസ്‌ലിംകളല്ലാത്ത അറബി സാഹിത്യകാരന്മാരുമുണ്ട്. അറബി ഒരു ലോകഭാഷയാണ്. എന്നാൽ സംസ്കൃതമോ? ഇന്ത്യയിൽ സംസ്കൃതം സംസാരഭാഷയല്ല. അറബി ഭാഷക്കുള്ളത്ര തൊഴിൽ സാധ്യതയും സംസ്കൃതത്തിനില്ല. എന്നിട്ടും എന്തിനാണിവിടെ ഒരു സംസ്കൃത സർവകലാശാല?

**രംഗനാഥ് മിശ്ര കമീഷൻ റിപ്പോർട്ടിലും മുസ്‌ലിം പിന്നാക്കാവസ്ഥയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായല്ലോ?**

നാഷനൽ കമീഷൻ ഫോർ റിലീജ്യസ് ആന്റ് ലിംഗ്വിസ്റ്റിക് മൈനോറിറ്റീസ് എന്ന പേരിൽ 2004 ഒക്ടോബർ 29ന് മിശ്ര കമീഷനെ നിയമിച്ചു. റിട്ട. ജസ്റ്റിസ് രംഗനാഥ് മിശ്രയായിരുന്ന അതിന്റെ അധ്യക്ഷൻ. ഡോ. താഹിർ മഹ്മൂദ് തുടങ്ങിയവർ അംഗങ്ങളായുള്ള കമ്മിറ്റിയാണിത്. മത, ഭാഷാ ന്യൂനപക്ഷങ്ങളിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്താനുള്ള മാനദണ്ഡം നിശ്ചയിക്കുക, ഇത്തരം പിന്നാക്കക്കാരുടെ ക്ഷേമത്തിനുള്ള നിർദേശങ്ങൾ സമർപ്പിക്കുക, അവ നടപ്പിലാക്കാൻ ആവശ്യമായ ഭരണഘടനാപരവും നിയമപരവും ഭരണനിർവഹണപരവുമായ മാർഗങ്ങൾ നിർദേശിക്കുക തുടങ്ങിയവയായിരുന്നു അവരുടെ ഉത്തരവാദിത്വം. കമീഷൻ 2007 മാർച്ചിൽ റിപ്പോർട്ട് സമർപ്പിച്ചു. പക്ഷേ, ഇതുവരെ അത് പുറത്തുവിട്ടിട്ടില്ല. പത്രമാധ്യമങ്ങളിൽ വന്ന വിവരങ്ങളനുസരിച്ച്, വിദ്യാഭ്യാസ- തൊഴിൽ മേഖലയിൽ മുസ്‌ലിംകൾക്ക് 10 ശതമാനം സംവരണം വേണമെന്നാണ് കമീഷന്റെ നിർദേശം. ഭൂരിപക്ഷ സമുദായത്തിലെ പിന്നാക്കക്കാരെ കണ്ടെത്താൻ എന്തൊക്കെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ അതിൽ യാതൊരു മാറ്റവും വരുത്താതെ ന്യൂനപക്ഷങ്ങളിലെ പിന്നാക്കക്കാരെയും കണ്ടെത്തണം. ഭൂരിപക്ഷ സമുദായത്തിൽ ഏതെല്ലാം വിഭാഗങ്ങൾ പിന്നാക്കക്കാരായി ഗണിക്കപ്പെടുന്നുണ്ടോ അതിന് സമാന്തരമായി ന്യൂനപക്ഷ സമുദായത്തിലെ വിഭാഗങ്ങളെയും പിന്നാക്കക്കാരായി കണക്കാക്കണം എന്ന് മിശ്ര കമീഷൻ നിർദേശിച്ചിട്ടുണ്ട്. ഉദാഹരണമായി ഹിന്ദുക്കളായ മത്സ്യത്തൊഴിലാളികൾക്ക് സംവരണമുണ്ട്. എന്നാൽ അതേ തൊഴിൽ ചെയ്യുന്ന, അതേ സാമ്പത്തിക, സാമൂഹിക സാഹചര്യത്തിൽ ജീവിക്കുന്ന മുസ്‌ലിം മത്സ്യത്തൊഴിലാളികൾക്ക് സംവരണമില്ല. ഇതിന്റെ ന്യായം എന്താണ്? ഒരേ തൊഴിലും ഒരേ സാമൂഹിക സാഹചര്യവും ഉള്ളവരെ ഇവ്വിധം വേർതിരിക്കുന്നത് അനീതിയാണ്. ഇത് അവസാനിപ്പിക്കണമെന്നാണ് മിശ്ര കമീഷൻ പറയുന്നത്. അതുപോലെ ഹിന്ദുക്കളിലെ പിന്നാക്കക്കാർ മറ്റൊരു മതത്തിലേക്ക് മാറുന്നതോടെ ആനുകൂല്യങ്ങൾ അവസാനിപ്പിക്കുന്നതിനും ന്യായമില്ല. പുതുതായി സ്വീകരിച്ച മതം, ജാതി അനുവദിക്കുന്നുണ്ടോ ഇല്ലേ എന്നതല്ല, അവർ പിന്നാക്കാവസ്ഥ അനുഭവിക്കുന്നുണ്ടോ എന്നതാണ് ഈ വിഷയത്തിൽ പരിഗണിക്കേണ്ടത്. സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ അവസ്ഥ പരിഗണിച്ചാണിത് നൽകേണ്ടത്.

**സംവരണം തന്നെയും സ്ഥിരമായി നിലനിർത്തേണ്ട ഒന്നാണോ?**

തീർച്ചയായും അല്ല. ഒരു വിഭാഗത്തിന് സംവരണം ഏർപ്പെടുത്തുകയെന്നത് ശാശ്വതമായി തുടരാവുന്ന ഒന്നല്ല. തുല്യനീതി എന്നതാകണം അടിസ്ഥാന ആശയം. നമ്പൂതിരി, നായർ കുടുംബത്തിൽ പിറന്ന ഒരാൾക്ക് എല്ലാ മാർഗങ്ങളും അടഞ്ഞുപോയാലും സംവരണാനുകൂല്യം ലഭ്യമല്ല. എന്നാൽ ഈഴവനോ ക്രിസ്ത്യാനിയോ മുസ്‌ലിമോ ആണെങ്കിൽ അവനത് കിട്ടുകയും ചെയ്യും. വിശാലമായ സാമൂഹിക കാഴ്ചപ്പാടനുസരിച്ച് ഇത് ശരിയല്ല. പക്ഷേ, ചരിത്രപരമായും മറ്റുമായ കാരണങ്ങളാൽ ചില അസമത്വങ്ങളും അനീതികളും ഇവിടെ നിലനിൽക്കുന്നുണ്ട്. ഒരു സമയപരിധി വെച്ചുകൊണ്ട് അത് അവസാനിപ്പിക്കാം. അസമത്വം അവസാനിപ്പിച്ച് അവസര സമത്വം ഉറപ്പുവരുത്താനാണ് സംവരണം. എന്നും അതിനെ എതിർത്തുകൊണ്ടിരുന്നാൽ പ്രശ്നം പരിഹരിക്കാതെ നീണ്ടുപോകും. കണക്കുകൾ സൂചിപ്പിക്കുന്നതാകട്ടെ, സംവരണം അവസാനിപ്പിക്കാവുന്ന വിധം പിന്നാക്കാവസ്ഥ പരിഹരിക്കപ്പെട്ടിട്ടില്ല എന്നാണ്.

**സർക്കാർ സർവീസിലെ പ്രാതിനിധ്യക്കുറവ് ചൂണ്ടിക്കാട്ടിയാണ് മുസ്‌ലിംകൾ പിന്നാക്കമാണെന്ന് പറയാറുള്ളത്. വ്യവസായം, വ്യാപാരം, ഭൂമിയുടെ ലഭ്യത, ഗൾഫ് ജോലി, ജീവിതനിലവാരം തുടങ്ങി മറ്റു പല മേഖ**

**ലകളിലും മുസ്‌ലിംകൾ മുന്നിലാണ്. കേരള മുസ്‌ലിംകൾക്ക് മറ്റു സംസ്ഥാനങ്ങളിലെ മുസ്‌ലിംകളെപ്പോലെ പിന്നാക്കാവസ്ഥ ഇല്ലെന്നും അതുകൊണ്ട് പാലൊളി കമ്മിറ്റി റിപ്പോർട്ട് ശരിയല്ലെന്നുമാണ് ബി.ജെ.പി വാദിക്കുന്നത്. ഇത്തരമൊരവസരത്തിൽ ഗവൺമെന്റ് ജോലി മാത്രം ഇതിന് മാനദണ്ഡമാക്കാമോ?**

സർക്കാർ സർവീസിലെ പ്രാതിനിധ്യക്കുറവ് മാത്രമല്ല പിന്നാക്കാവസ്ഥയുടെ തെളിവായി പറയാറുള്ളത്. മറ്റു പല വിഷയങ്ങളുമുണ്ട്. മാത്രമല്ല, സർക്കാർജോലി കൊണ്ടുമാത്രം ദാരിദ്ര്യവും പിന്നാക്കാവസ്ഥയും പരിഹരിക്കാൻ കഴിയും എന്ന് പറയാനും കഴിയില്ല. കാരണം സർക്കാർ സേവന മേഖലകളിൽനിന്ന് പിന്മാറുകയും തൊഴിലും ആനുകൂല്യങ്ങളും വെട്ടിക്കുറക്കുകയും സ്വകാര്യവത്കരണം ത്വരിതപ്പെടുത്തുകയും ചെയ്യുകയാണിപ്പോൾ.

അതേസമയം സർക്കാർ സർവീസിലെ പ്രാതിനിധ്യം ശാക്തീകരണത്തിന്റെ വഴിയാണ്. തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന വേദികളിൽ ന്യൂനപക്ഷ സമുദായക്കാർ ഇല്ലെങ്കിൽ അവർക്ക് നീതി ഉറപ്പാക്കാൻ കഴിയില്ല. വിവേചനത്തിനിരയാകും എന്ന ആശങ്ക ശക്തമാണ്. അത് ശരിയാണെന്നാണ് ഇന്ത്യയിലെ അനുഭവം.

രണ്ടാമതായി, ഇതര മേഖലകളിൽ കേരള മുസ്‌ലിംകൾ മുന്നിലാണെന്ന വാദവും അടിസ്ഥാനരഹിതമാണ്. മറ്റു സംസ്ഥാനങ്ങളിലെ മുസ്‌ലിംകളെപ്പോലെ തീർത്തും ശോചനീയാവസ്ഥയിലല്ല കേരള മുസ്‌ലിംകൾ എന്നത് ശരി. എന്നാൽ പൊതുസമൂഹത്തിന്റെ ജീവിതത്തോടൊപ്പം എത്താൻ ഏതു രംഗത്താണ് മുസ്‌ലിംകൾക്ക് കഴിഞ്ഞിട്ടുള്ളത്.

കൃത്യമായ പഠനങ്ങളൊന്നും ഈ വിഷയത്തിൽ നടന്നിട്ടില്ല. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കേരള പഠനമാണ് അവലംബിക്കാവുന്ന ഒന്ന്. സമഗ്രമായ ഒന്നല്ല അതെങ്കിലും അവലംബയോഗ്യമാണ്. 2006ൽ പുറത്തുവന്ന ഈ പഠനമനുസരിച്ച് കേരളീയ മുസ്‌ലിംകളുടെ അവസ്ഥയെന്താണ്? ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

കേരളത്തിൽ മുസ്‌ലിംകൾ ഏറ്റവും കൂടുതലുള്ളത് മലപ്പുറം ജില്ലയിലാണ്. അവിടെ ആളോഹരി വാർഷിക വരുമാനം 14969 രൂപയാണ്. പാലക്കാട് ജില്ല മാത്രമാണതിനു താഴെ. ബാക്കി എല്ലാ ജില്ലകളും മലപ്പുറത്തേക്കാൾ മുമ്പിലാണ്. വിദേശ ജോലിക്കാർ ധാരാളമുള്ള മലപ്പുറം ജില്ല, പ്രതിശീർഷ വാർഷിക വരുമാനത്തിൽ 13-ാം സ്ഥാനത്ത് നിൽക്കുന്നു. വിദേശവരുമാനം ഇല്ലായിരുന്നെങ്കിൽ ഇതിലേറെ ശോചനീയമാകുമായിരുന്നു അവസ്ഥ. ഹിന്ദുക്കളുടെ പ്രതിശീർഷ വാർഷിക വരുമാനം 17,762 ഉം ക്രിസ്ത്യാനികളുടേത് 21,897 ഉം ആണ്. എന്നാൽ മുസ്‌ലിംകളുടേത് 17,538 ആണ്. അപ്പോൾ കേരളത്തിൽ ആരാണ് പിന്നിൽ. പുറംവരുമാനം മലപ്പുറത്താണ് ഏറ്റവും കൂടുതൽ- 29.3 ശതമാനം. എന്നാൽ പുറംവരുമാനമായി ലഭിക്കുന്ന സംഖ്യ 5232 ആണ്. അതായത് ജില്ലകൾ എടുത്തു നോക്കിയാൽ എട്ടാം സ്ഥാനത്താണ് മലപ്പുറം. കുറേ പേർ വിദേശത്ത് ജോലി ചെയ്യുന്നു. പക്ഷേ അവരിൽ ഭൂരിപക്ഷവും താഴെക്കിടയിൽ കുറഞ്ഞ ശമ്പളത്തിന് ജോലി ചെയ്യുന്നവരാണ്. കാരണം അവർക്ക് ഉയർന്ന വിദ്യാഭ്യാസമില്ല. തിരുവല്ലയിൽനിന്നും കോട്ടയത്തുനിന്നും പോകുന്നവർ ഉയർന്ന ജോലിയിലാണുള്ളത്, അവരുടെ വരുമാനവും ഉയർന്നതാണ്.

അടുത്തിടെ ഞാൻ ദോഹ സന്ദർശിച്ചിരുന്നു. ദോഹയിൽ താമസിക്കുന്ന തിരുവല്ലക്കാരുടെ ഒരു ഒത്തുചേരലിൽ ഞാൻ പങ്കെടുത്തു. അവരെന്നോട് പറഞ്ഞു: ഞങ്ങൾ സ്വകാര്യ മേഖലയിൽ ഒരു ഇന്റർനാഷനൽ എയർപോർട്ട് നിർമിക്കാനുള്ള ഒരുക്കത്തിലാണ്! മലപ്പുറം ജില്ലയിലെ മുഴുവൻ വിദേശ മുസ്‌ലിംകളും ചേർന്നാൽ അത് സാധിക്കില്ല. അത്രക്കും വ്യത്യാസമുണ്ട് വരുമാനത്തിന്റെ തോതിൽ.

ഇനി ചെലവിന്റെ കാര്യം ശ്രദ്ധിക്കുക: മുസ്‌ലിംകൾ കൂടുതൽ ഉപഭോഗത്വരയുള്ളവരാണ്. എന്നിട്ടും മലപ്പുറം ജില്ലയിലെ ഒരു വ്യക്തിയുടെ പ്രതിമാസ ചെലവ് 946 രൂപയാണ്. പത്താം സ്ഥാനത്താണിത്. സമുദായ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ഹിന്ദു -1064, ക്രിസ്ത്യാനി-1371, മുസ്‌ലിം- 964 എന്നാണ് കണക്കുകൾ കാണിക്കുന്നത്. മുസ്‌ലിംകളുടെ കൈയിൽ കാശില്ലാത്തതുകൊണ്ടാണിത്. മുസ്‌ലിംകൾ പിശുക്കരാണെന്ന് ആരും പറയില്ല. ഉപഭോഗം കൂടുതലുള്ളവരെന്നേ പറയൂ.

ഇനി സർക്കാർ സർവീസിലെ പങ്കാളിത്തം പരിശോധിക്കുക. 18.3 ശതമാനം വരുന്ന ക്രിസ്ത്യാനികൾ സർക്കാർ സർവീസിൽ 20.6 ശതമാനമാണ്. 26.9 ശതമാനം വരുന്ന മുസ്‌ലിംകളുടെ സർക്കാർ സർവീസ് പ്രാതിനിധ്യം 11.4 ശതമാനം മാത്രവും. 12.5 ശതമാനം ജനസംഖ്യയുള്ള നായർമാർക്ക് 21 ശതമാനം ഉദ്യോഗങ്ങളുണ്ട്. ജനസംഖ്യയിൽ 22.2 ശതമാനമുള്ള ഈഴവർക്ക് 22.7 ശതമാനമാണ് സർക്കാർ മേഖലയിലെ പങ്കാളിത്തം. പട്ടികജാതി -പട്ടികവർഗത്തേക്കാൾ പിന്നിലാണ് സർക്കാർ മേഖലയിൽ മുസ്‌ലിംകൾ എന്ന് കാണാം. എന്നിട്ടും കേരള മുസ്‌ലിംകൾ മുന്നാക്കമാണ്, പാലൊളി കമ്മിറ്റി ശിപാർശകൾ അസ്ഥാനത്താണ് എന്നൊക്കെ പറയുന്നത് എന്തടിസ്ഥാനത്തിലാണ്?

കോളേജ് വിദ്യാഭ്യാസത്തിൽ ഹിന്ദുക്കൾ 18.7ഉം ക്രിസ്ത്യാനികൾ 20.5ഉം ഉള്ളപ്പോൾ മുസ്‌ലിംകൾ എട്ടു ശതമാനം മാത്രമാണ്. മുന്നാക്ക ഹിന്ദു 28.1 ഉം, പിന്നാക്ക ഹിന്ദു 16.7ഉം, പട്ടിക ജാതിക്കാർ 10.9ഉം ഉണ്ട്. എന്നിട്ടും മുസ്‌ലിംകൾ എട്ടേയുള്ളൂ.

ഈ കണക്കുകൾ മറച്ചുവെച്ച് കുപ്രചാരണങ്ങൾ നടത്തുകയാണ്. ഗൾഫാർ മുഹമ്മദലി, യൂസുഫലി തുടങ്ങിയ ഒന്നു രണ്ടു പേരെ ചൂണ്ടിക്കാണിച്ച് സമുദായം മൊത്തം അവരാണെന്ന് പറയുന്നത് തെറ്റാണ്. മുസ്‌ലിംകളിലെ ഭൂരിപക്ഷവും പിന്നാക്കാവസ്ഥയിൽ തന്നെ തുടരുകയാണ്.

കോളേജ് തലത്തിലല്ലാതെ നടക്കുന്ന പഠനങ്ങളിൽ ഹിന്ദുക്കൾ 9.9ഉം, ക്രിസ്ത്യാനികൾ 14.9ഉം ഉള്ളപ്പോൾ മുസ്‌ലിംകൾ 6.2 മാത്രമാണ്. ഇനി തൊഴിലില്ലായ്മയുടെ ശതമാനം നോക്കുക: ഹിന്ദു 39.1, ക്രിസ്ത്യാനി 31.9, മുസ്‌ലിം 55.2. ഊതിപ്പെരുപ്പിച്ച ഗൾഫ് തൊഴിലിനു ശേഷവും എല്ലാവരേക്കാൾ കൂടുതൽ -55.2 ശതമാനം- തൊഴിലില്ലായ്മ അനുഭവിക്കുന്നത് കേരളത്തിൽ മുസ്‌ലിംകളാണ്. ദാരിദ്ര്യത്തിന്റെ കണക്കുകൾ പറയുന്നതും മറ്റൊന്നല്ല. മലപ്പുറം ജില്ലയിൽ 34.4 ശതമാനമാണ് ദാരിദ്ര്യം. പാലക്കാട് മാത്രമേ മലപ്പുറത്തേക്കാൾ ദാരിദ്ര്യം അനുഭവിക്കുന്നതായുള്ളൂ. സമുദായാടിസ്ഥാനത്തിൽ നോക്കുമ്പോൾ മുസ്‌ലിംകൾ 28.7, ക്രിസ്ത്യാനികൾ 14, ഹിന്ദുക്കൾ 22.6 എന്നിങ്ങനെയാണ്.

വിദ്യാർഥികളുടെ ഭാഷ പരിശോധിക്കുക. മുസ്‌ലിംകളിൽ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം നേടുന്നത് 22.7 ശതമാനമാണ്. ഹിന്ദുക്കളിൽ ഇത് 28.2ഉം ക്രിസ്ത്യാനികൾ 40.7 ഉം ആണ്. മാതൃഭാഷയോട് ഏറ്റവും നീതി ചെയ്യുന്നത് മുസ്‌ലിംകളാണെന്നു പറയാം. മാതൃഭാഷാ സ്നേഹം ദേശീയതയുടെ ഭാഗമാണെങ്കിൽ മുസ്‌ലിംകളാണതിൽ മുന്നിൽ. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിലും മുസ്‌ലിംകൾ പിറകിലാണ്. ഹിന്ദു സ്ത്രീകൾ 24.8 ശതമാനവും ക്രിസ്ത്യാനികൾ 20.9ഉം ജോലി ചെയ്യുമ്പോൾ മുസ്‌ലിംക

ളിൽ 7.1 മാത്രമാണുള്ളത്. ഈ കണക്കുകൾ മുമ്പിൽ വെച്ചാണ് ബി.ജെ.പി വിഷയത്തെ വിലയിരുത്തേണ്ടത്.

**മുസ്‌ലിംകൾ സർക്കാർ സർവീസിൽ കുറവാകുന്നത് ഗൾഫിലേക്ക് പോകുന്നതുകൊണ്ടല്ലേ?**

ഈ വാദം ശരിയാണെന്നു പറയണമെങ്കിൽ ഗവൺമെന്റ് യോഗ്യതാ അടിസ്ഥാനത്തിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കണം. അതിൽ മുസ്‌ലിം അപേക്ഷകരില്ലെങ്കിൽ ഗൾഫ് ജോലിയാണ് കാരണം എന്നു പറയാം. പക്ഷേ, അവസ്ഥ അതല്ലല്ലോ. ഗൾഫിൽ പോകാത്ത ധാരാളം പേർ ഇവിടെ അപേക്ഷകരായി ഉണ്ടല്ലോ. തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ ഉള്ളതുതന്നെ മുസ്‌ലിംകളിലാണ്. എന്നിട്ടും മുസ്‌ലിംകൾ ഗൾഫിൽ പോകുന്നതുകൊണ്ടാണിതെന്ന് പറയരുത്. നാട്ടിൽ മാന്യമായ ജോലി ലഭിക്കാത്തതുകൊണ്ടാണ് പലരും തുഛമായ ശമ്പളത്തിനു പോലും ഗൾഫിലേക്ക് പോകുന്നത്.

**മുസ്‌ലിം സമൂഹത്തിന്റെ പിന്നാക്കാവസ്ഥക്ക് സമുദായത്തിന്റെ ആഭ്യന്തര പ്രശ്നങ്ങൾ വലിയൊരു അളവിൽ കാരണമാണല്ലോ. അത് പരിഹരിക്കാതെ എക്കാലത്തും സംവരണം കാത്തുനിന്നാൽ പിന്നാക്കവസ്ഥക്ക് പരിഹാരമാകുമോ?**

'ഒരു ജനതയുടെ ഭാഗധേയം അവർ സ്വയം മാറ്റാതെ അല്ലാഹു മാറ്റുകയില്ല' എന്നാണ് ഖുർആൻ പറയുന്നത്. ഖുർആനിൽ വിശ്വസിക്കുന്ന മുസ്‌ലിം സമൂഹം സ്വയം ഒരു മാറ്റത്തിനു സന്നദ്ധരാകണം. എക്കാലത്തും സംവരണത്തിന്റെയും ഇളവുകളുടെയും ഔദാര്യത്തിന് കാത്തുനിൽക്കുന്ന മടിയന്മാരാവുകയല്ല, മത്സരിച്ച് മുന്നേറി ഉന്നത നിലയിലെത്തുകയാണ് ചെയ്യേണ്ടത്.

പിന്നാക്കാവസ്ഥക്ക് നിരവധി ആഭ്യന്തര കാരണങ്ങളുണ്ട്. മുസ്‌ലിം സംഘടനകളുടെയും സാംസ്കാരിക വേദികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും അജണ്ട പരിശോധിച്ചാൽ അവയൊന്നും സമുദായത്തിന്റെ പ്രശ്നങ്ങളുടെ മർമത്തിലേക്ക് എത്തുകയോ ക്രിയാത്മകമായ പരിഹാരങ്ങൾ ആസൂത്രിതമായി നടപ്പിലാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ലെന്ന് കാണാം. വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പ്രോത്സാഹനം ഇനിയും ഉണ്ടാവുന്നില്ല. ഉത്തരേന്ത്യയിൽ മക്തബകൾ, മദ്റസകൾ എന്നൊക്കെ അറിയപ്പെടുന്ന വിദ്യാലയങ്ങൾ കേവല മതവിദ്യാലയങ്ങളാണ്. കേരളത്തിലെ അവസ്ഥ അൽപം ഭിന്നമാണ്. പക്ഷേ, ഉന്നത വിദ്യാഭ്യാസ രംഗത്ത് നാം പിറകിൽതന്നെ.

മതസംഘടനകളാകട്ടെ, ബാലിശമായ വാദപ്രതിവാദങ്ങളിൽ കുരുങ്ങിക്കിടക്കുകയാണ്. അടിസ്ഥാനപരമല്ലാത്ത വിഷയങ്ങളാണ് പലപ്പോഴും അവർ ഏറ്റെടുക്കുന്നത്. അനൈക്യം സമുദായ പുരോഗതിക്ക് വലിയ അളവിൽ ദോഷം ചെയ്യുന്നുണ്ട്. 1964-ൽ വിവിധ മതസംഘടനകൾ ചേർന്ന് രൂപീകരിച്ച ഓൾഇന്ത്യാ മജ്‌ലിസെ മുശാവറ ഈ രംഗത്ത് ഒരു നല്ല കാൽവെപ്പായിരുന്നു. പക്ഷേ, തെരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നിലപാടുകളെച്ചൊല്ലി മുശാവറയിൽ അനൈക്യം ഉടലെടുത്തു. പിന്നീട് പൂർവാവസ്ഥയിലേക്ക് തിരിച്ചുപോകാൻ മുശാവറക്ക് ആയില്ല.

ജമാഅത്തെ ഇസ്‌ലാമി അമീറായിരുന്ന മൗലാനാ അബുല്ലൈസ് ഇസ്‌ലാഹീ നദ്‌വി, അബുൽ ഹസൻ അലി നദ്‌വി, ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്, കോൺഗ്രസ് നേതാവ് സയ്യിദ് മഹ്മൂദ് എം.പി, എം. അൻവർ തുടങ്ങിയവരായിരുന്നു അതിനു മുന്നിൽ നിന്നിരുന്നത്. പണ്ഡിറ്റ് സുന്ദർലാലിനെ പോലുള്ളവരുടെ പിന്തുണയും കിട്ടി. സമുദായ സൗഹാർദത്തിനും മുസ്‌ലിംകളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വളർച്ചക്കും മുശാവറയുടെ പ്രവർത്തനങ്ങൾ സഹായകമായി. ഇത്തരം ഐക്യവേദികൾ സജീവമാക്കേണ്ടതുണ്ട്.

മുസ്‌ലിംകൾ വിദ്യാഭ്യാസരംഗത്ത് പ്രവേശിച്ചത് വളരെ വൈകിയാണ്. പിന്നീടുണ്ടായ പ്രവർത്തനങ്ങളാവട്ടെ തികച്ചും അശാസ്ത്രീയവും ആസൂത്രണരഹിതവുമായിരുന്നു. കൃത്യമായ ആസൂത്രണത്തോടെ ഉന്നത വിദ്യാഭ്യാസമേഖലയിൽ നാം വളരണം. സ്വന്തം ബുദ്ധിയും സാമർഥ്യവും ഉപയോഗിക്കണം. മത്സര ബുദ്ധിയോടെ പോരാടിയെങ്കിൽ മാത്രമേ നമുക്ക് ഉയരാനാവൂ. ബുദ്ധി അല്ലാഹു ചില സമുദായങ്ങൾക്ക് മാത്രമായി സംവരണം ചെയ്തതല്ലെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

പെട്ടെന്ന് പണക്കാരാവാനുള്ള ത്വര മുസ്‌ലിംകൾക്കിടയിലുണ്ട്. വിദ്യാഭ്യാസം നേടാൻ മെനക്കെടാതെ, കച്ചവടത്തിലൂടെയും ഗൾഫ് ജോലിയിലൂടെയും ചിലപ്പോൾ അവിഹിത മാർഗങ്ങളിലൂടെയും എളുപ്പം പണം സമ്പാദിക്കാനുള്ള ചിന്ത നാം വെടിയണം. വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കണം. ക്രിസ്ത്യാനികളും ഹിന്ദുക്കളിലെ ഉയർന്ന വിഭാഗക്കാരും എത്ര വലിയ സമ്പന്നരാണെങ്കിലും ഉന്നത വിദ്യാഭ്യാസം നേടുന്നത് കാണാം. ബിസിനസ് രംഗത്ത് ഇറങ്ങുന്നവർ പോലും വിദേശ യൂനിവേഴ്സിറ്റികളിൽനിന്നുവരെ ബിരുദവും മറ്റും നേടുന്നവരാണ്. പക്ഷേ, മുസ്‌ലിംകൾ മാത്രം എന്തുകൊണ്ട് ഇങ്ങനെയാവുന്നു?

കുടുംബ ബജറ്റിലും വരവ് ചെലവ് ക്രമീകരണത്തിലും മുസ്‌ലിം സമുദായം ദയനീയ പരാജയമാണ്. കല്യാണം, വീട്, സ്വർണം തുടങ്ങിയ പ്രത്യുൽപാദനപരമല്ലാത്ത ആവശ്യങ്ങൾക്ക് പണം ധൂർത്തടിക്കുന്നു. ദുർവ്യയം നമ്മുടെ മുഖമുദ്രയാണ്. പഴമക്കാർ പറയുന്നതുപോലെ മുസ്‌ലിംകൾ 'പൊരപ്പൊണ്ണന്മാരായി' മാറിയിരിക്കുന്നു. ജീവിത സമ്പാദ്യം മുഴുവൻ വീടിനുവേണ്ടി ചെലവഴിക്കുന്നു. പിന്നെ ബാങ്കിൽനിന്നും വട്ടിപ്പലിശക്കാരിൽനിന്നും വായ്പയും എടുക്കും. അങ്ങനെ ജീവിതം തുലക്കുന്നു. ഇതിന്റെ വികസിച്ച രൂപമാണ് മതസംഘടനകളുടെ ധൂർത്തൻ സമ്മേളന മാമാങ്കങ്ങൾ. സമ്മേളനങ്ങളും മറ്റു പരിപാടികളും ആവശ്യമായേക്കാം. പക്ഷേ, ഇന്നു കാണുന്ന രീതിയിൽ പണം വെള്ളം പോലെ ഒഴുക്കി ആഘോഷങ്ങൾ നടത്തുന്നത് ശരിയല്ല. ഇതുകൊണ്ട് മുസ്‌ലിംസമുദായത്തിന് നേട്ടം ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, അമുസ്‌ലിംകൾക്കിടയിൽ വലിയ തെറ്റുധാരണകൾ ഉണ്ടാവുകയും ചെയ്യുന്നു. മറ്റുള്ളവർ ധരിക്കുന്നത് നാം സമ്പന്നരാണെന്നാണ്. അൽപന് അർഥം കിട്ടിയാൽ അർധരാത്രിയും കുട പിടിക്കും എന്ന വാക്യം നമ്മുടെ നെറ്റിയിൽ ഒട്ടിച്ചുവെക്കാവുന്നത്രയും ഇന്ന് വഷളായിട്ടുണ്ട്. ഇല്ലാത്ത സാമ്പത്തിക അവസ്ഥ ഉണ്ടെന്ന് വരുത്തിത്തീർക്കുന്നതാണ് സംഘ്പരിവാർ പലപ്പോഴും മുസ്‌ലിം സംവരണത്തിനെതിരു നിൽക്കാൻ കാരണം.

മതസംഘടനകൾ, മഹല്ല് നേതാക്കൾ, ഖാദീ-ഇമാമുമാർ തുടങ്ങിയവർ മുന്നിട്ടിറങ്ങിയെങ്കിൽ മാത്രമേ മുസ്‌ലിംസമുദായത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടൂ. സമ്പന്നരിൽനിന്ന് പണം ശേഖരിച്ച് പാവപ്പെട്ടവർക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാവണം. മറ്റുള്ളവരെ വിശ്വാസത്തിലെടുക്കാനും ബഹുസ്വര സമൂഹത്തിൽ സംസ്കാര സമ്പന്നരായി ജീവിക്കാനും നമുക്ക് കഴിയണം. ■

(അവസാനിച്ചു)